**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 582** **10-02-2025 - ൽ മറുപടിയ്ക്ക്**

**നാലാം വ്യവസായ വിപ്ലവത്തിന്റെ അനന്ത സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ദെലീമ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നാലാം വ്യവസായ വിപ്ലവത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ വ്യാവസായിക മേഖലയിലെ പുരോഗതിയെ സമഗ്രതയിലെത്തിക്കുന്നതിന് സർക്കാർ നടപ്പാക്കി വരുന്ന നയപരിപാടികളും പദ്ധതികളും പര്യാപ്തമാണോ എന്ന് വിശദമാക്കുമോ; | (എ) | വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അത് വഴി കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനുമായി പുതിയ വ്യവസായ നയം, 2023 സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങ ളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായ ങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായ ത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>നിക്ഷേപവും നവീന ആശയങ്ങളും വളർത്തു ന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയി ട്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്;<br><br>1. സംരംഭകത്വ പ്രോത്സാഹനം.<br><br>2. അടിസ്ഥാന സൗകര്യമൊരുക്കൽ.<br><br>3. ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം.<br><br>4. നൈപുണ്യ വികസനം.<br><br>5. വ്യവസായ സൗഹൃദ അന്തരീക്ഷം.<br><br>6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക.<br><br>7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായ വത്കരണം. |
| (ബി) | നൂതന സാങ്കേതിക വിദ്യകൾ ഉൽപ്പാദനമേഖലയിൽ സന്നിവേശിപ്പിക്കുന്നതിനായി സംരംഭകരെ സജ്ജരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | യന്ത്രവൽക്കരണം വർദ്ധിപ്പിച്ചുകൊണ്ടുള്ള സ്മാർട് മെഷിനറികളും സ്മാർട് ഫാക്ടറികളു തൊഴിലുമാണ് വ്യവസായം 4.0 ന്റെ സവിശേഷത. മെഷീൻ ലേണിംഗ്, ഡാറ്റ അനലിറ്റിക്സ്, പ്രക്രിയകളുടെ ഓട്ടോമേഷൻ എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപാദന മേഖലയിൽ ഡിജിറ്റൽവൽക്കരണ സാധ്യമാകുകയും ഉൽപാദനത്തിൽ വിപ്ലവമുണ്ടാക്കാൻ കഴിയുകയും ചെയ്യും അങ്ങനെ വ്യവസായം 4.0 ത ഉൾപ്പെടുത്തിയിരിക്കുന്ന നിലവിലെ ബിസിനസുകൾ ഡിജിറ്റൽ വൽക്കരിക്കാൻ തയ്യാറാകുന്നതിലൂടെ വ്യവസായം 4.0 യിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്ന കരുത്തു ആവാസവ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ഈ നയപ്രഖ്യാപനത്തിനു കീഴിൽ താഴെ പറയുന്ന പ്രധാന സംരംഭങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു;<br><br><u>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഡിജിറ്റൽവത്ക്കരണം</u><br><br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഡിജിറ്റൽ വൽക്കരിക്കുകയും സാങ്കേതിക മികവ് നേടുകയും ചെയ്യുന്നതിലൂടെ ഉൽപാദനചെലവ് കുറയുകയും വിഭവവിനിയോഗം കാര്യക്ഷമമാക്കുകയും ഊർജ്ജക്ഷമത വർദ്ധിക്കുകയും |

സംരംഭങ്ങളുടെ മത്സരക്ഷമത വർദ്ധിക്കുകയും ചെയ്യും.

a) എം.എസ്.എം.ഇ-കളുടെ സാങ്കേതിക വിദ്യാപ്രാപ്തിക്കും ഡിജിറ്റലൈസേഷനും വേണ്ടി സംസ്ഥാനത്തെ നിലവിലുള്ള ബിസിനസുകളുടെയും എം എസ് എം ഇ കളുടെയും വ്യവസായം 4.0 സന്നദ്ധത മാപ്പ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കും.

b) എം എസ് എം ഇ കളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ വ്യവസായങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും ക്ലസ്റ്റർ/മേഖലാ അടിസ്ഥാന സാങ്കേതിക കേന്ദ്രങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ വികസിപ്പിക്കും.

c) ഗവേഷണ വികസന (ആർ&ഡി) പ്രവർത്തനങ്ങളുടെ ചെലവ് കുറച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്റ്റാർട്ട്-അപ്പുകളും എം എസ് എം ഇ കളും അക്കാദമിക ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണ സ്വീകരിക്കും.

<u>വ്യവസായ വിപ്ലവം 4.0 ന് അനുസൃതമായ ആധുനികവത്ക്കരണം</u>

നവീകരണമാണ് വ്യവസായം 4.0 യുടെ ആണിക്കല്ല്. അതിനാൽ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന പരിസ്ഥിതി സൃഷ്ടിക്കപ്പെടേണ്ടത് പ്രധാനമാണ്.

a) അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു ആഗോള ഇന്നൊവേഷൻ ഇൻകുബേറ്റർ ഹബ്ബായി വർത്തിക്കുന്ന ഒരു ടെക്നോളജി ഇന്നൊവേഷൻ സോൺ വികസിപ്പിക്കും.

b) ആശയങ്ങളുടെ സങ്കലനവും സാങ്കേതിക മുന്നേറ്റങ്ങളും സാധ്യമാക്കുന്നതിന് ഒന്നിലധികം സാങ്കേതിക മേഖലകൾ ഒരു പൊതു പ്ലാറ്റ്ഫോമിനു കീഴിൽ കൊണ്ടുവരും.

c) എംഎസ്എംഇ-കൾക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ അസംസ്കൃത വസ്തുക്കളുടെ സംഭരണം പ്രാപ്തമാക്കും.

| | | | |
|---|---|---|---|
| | | | ഇ-കൊമേഴ്സ് വിപണിയിലേക്കുള്ള പ്രവേശനം<br><br>ഡിജിറ്റൽ പരിവർത്തനത്തിൽ നിന്ന് മികച്ച നേട്ടമുണ്ടാക്കുന്നതിനും ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തും.<br><br>a) വിപണികളും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും പ്രയോജനപ്പെടുത്തുന്നതിനായി എം.എസ്.എം.ഇ-കൾക്ക് സൗകര്യമൊരുക്കും.<br><br>b) ഈ മേഖലയിൽ വിജ്ഞാന പങ്കിടൽ വർധിപ്പിക്കുന്നതിന് സമർപ്പിത ശിൽപശാലകൾ സംഘടിപ്പിക്കുകയും മതിയായ വിജ്ഞാന സാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യും.<br><br>c).പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനും വേതനം വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.<br><br>d) പൊതുമേഖലയെ നവീകരിക്കുന്നതിന് ഓരോ സ്ഥാപനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിദഗ്ധർ അടങ്ങുന്ന ഒരു പ്രത്യേക സംഘത്തെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതിക വിദ്യകളിലൂടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുകയും വൈവിധ്യവൽകരണത്തിലൂടെ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) | നൂതന വ്യവസായങ്ങളിലെ നിക്ഷേപ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്താദ്യമായി റോബോട്ടിക് റൗണ്ട് ടേബിൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ? | (സി) | വ്യവസായ നയത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലയിൽ പ്രധാനപ്പെട്ട ഒന്നാണ് "റോബോട്ടിക്സ് " മേഖല. ഈ മേഖലയുടെ വളർച്ചക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി, 2024 ഓഗസ്റ്റ് മാസത്തിൽ കൊച്ചിയിൽ അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം സംഘടിപ്പിച്ചു. 190-ലധികം കമ്പനിയുടെയും സ്റ്റാർട്ടപ്പുകളുടെയും പ്രതിനിധികളായ 700-ൽ പരം ഡെലിഗേറ്റുകൾ ഈ പരിപാടിയിൽ പങ്കെടുത്തു. കൂടാതെ, 31 എക്സിബിഷൻ സ്റ്റാളുകളും സന്ദർശകർക്ക് പ്രദർശനത്തിനായി ഒരുക്കിയിരുന്നു.<br><br>ഈ പരിപാടികൾ വൻകിട സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിൽ ഗണ്യമായ സംഭാവന നൽകുമെന്ന് കരുതുന്നു . |

സെക്ഷൻ ഓഫീസർ